## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 12 — 11-06-2012 -ൽ മറുപടിക്ക്.

### മദ്യനിരോധനം

| ചോദ്യം: | | ഉത്തരം | |
| --- | --- | --- | --- |
| | ശ്രീ. പി. ബി. അബ്ദുൾ റസാക് :<br>" റ്റി. എ. അഹമ്മദ് കബീർ :<br>" കെ. എൻ. എ. ഖാദർ :<br>" എൻ. ഷംസുദ്ദീൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മദ്യ, ലഹരി വിരുദ്ധ ബോധവൽക്കരണത്തിലൂടെ, മദ്യവർജ്ജനത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. മദ്യവിപണനം വർദ്ധിപ്പിക്കാനോ, മദ്യപാനശീലം പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തരാക്കി, ഘട്ടംഘട്ടമായുള്ള പൂർണ്ണമായ മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |
| (ബി) | സംസ്ഥാന ഖജനാവിന്റെ വരുമാനം മാത്രം ലക്ഷ്യമിട്ടാണ് മദ്യനിരോധനം ഏർപ്പെടുത്താത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ, മദ്യത്തിന്റെ അമിത വ്യാപനം തടഞ്ഞ്, മുഴുവൻ ജനതയേയും, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യപാന ശീലത്തിൽ നിന്നും വിമുക്തരാക്കി പൂർണ്ണമായ മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | ജനങ്ങളിലെ ആരോഗ്യപ്രശ്നങ്ങളുടെ പ്രധാന കാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. മദ്യപാനശീലം ധാരാളം ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ, ഇക്കാര്യം സർക്കാർ വളരെ ഗൗരവമായി കണ്ട്, ലഹരി പദാർത്ഥങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനം നടത്തി, മദ്യാസക്തിക്കടിമപ്പെട്ടവരെ മദ്യപാന ശീലത്തിൽ നിന്നകറ്റുന്നതിന് സർക്കാർ ഊന്നൽ നൽകുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഉണ്ടാകുന്ന ക്രിമിനൽ കുറ്റങ്ങൾക്കും റോഡപകടങ്ങൾക്കും പിന്നിൽ മദ്യത്തിന്റെ ഉയർന്ന തോതിലെ ഉപയോഗമാണെന്ന വസ്തുത പരിഗണിച്ച് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സംസ്ഥാനത്ത്, ഒറ്റയടിക്കുള്ള സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലാത്തതിനാൽ, മദ്യത്തിന്റെ അമിത വ്യാപനം തടഞ്ഞ്, ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത് |

സെക്ഷൻ ആഫീസർ